തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# മലയാളം (സംസ്കാരപൈതൃകം)

കോഴ്സ് കോഡ് **MUE23CHS - 04**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ | മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. കേരളഭാഷയുടെ വികാസപരിണാമങ്ങൾ എന്ന കൃതി രചിച്ചതാര്?
   a) ഇളംകുളം കുഞ്ഞൻപിള്ള b) കുട്ടികൃഷ്ണ മാരാർ
   c) എം.ആർ. രാഘവവാര്യർ d) പുതുശ്ശേരി രാമചന്ദ്രൻ

2. വക്രോക്തി സിദ്ധാന്ത സ്ഥാപകൻ?
   a) ഭരതൻ b) ആനന്ദവർദ്ധനൻ
   c) കുന്തകൻ d) ശംഭുകൻ

3. ഭാഷാകൗടലീയം ഏതു കൃതിയുടെ തർജ്ജമ?
   a) ഭഗവദ്ഗീത b) അർത്ഥശാസ്ത്രം
   c) ഭാഗവതം d) മനുസ്മൃതി

4. വടക്കൻ പാട്ടുകളിലെ വീരനായകൻ?
   a) ചെങ്ങന്നൂരാതി b) ഇരവിക്കുട്ടിപ്പിള്ള
   c) തച്ചോളി ഒതേനൻ d) മൂവോട്ടുമല്ലൻ

5. തിരുനിഴൽമാല ഏത് കാവ്യവിഭാഗത്തിൽ ഉൾപ്പെടുന്നു?
   a) മണിപ്രവാളം b) പാട്ട്
   c) ചമ്പു d) സന്ദേശകാവ്യം

6. മണിപ്രവാളത്തിന്റെ ലക്ഷണം വിശദീകരിച്ച പ്രാചീനഗ്രന്ഥം?
   a) ലീലാതിലകം b) ചിലപ്പതികാരം
   c) ദൃഗ്ഗണിതം d) വ്യവഹാരമാല

7. പാട്ടബാക്കി ആരെഴുതിയ നാടകം?
   a) തോപ്പിൽ ഭാസി b) കെ. ദാമോദരൻ
   c) വി.ടി. ഭട്ടതിരിപ്പാട് d) എം.ആർ.ബി

8. കേരളപാണിനീയം രചിച്ചതാര്?
   a) കേരളവർമ്മ b) എ.ആർ. രാജരാജവർമ്മ
   c) പാച്ചുമൂത്തത് d) കോവുണ്ണി നെടുങ്ങാടി

9. ഇന്ത്യൻ ഭരണഘടനാനിർമാണ സമിതിയിൽ അംഗമായിരുന്ന കേരളത്തിൽനിന്നുള്ള ദളിത് വനിത?
   a) ദാക്ഷായണി വേലായുധൻ b) രേണുക റോയ്
   c) വിജയലക്ഷ്മി പണ്ഡിറ്റ് d) ലീല റോയ്

10. 2023-ലെ എഴുത്തച്ഛൻ പുരസ്കാരം ആർക്കായിരുന്നു?
    a) എസ്. ഹരീഷ് b) സേതു
    c) വി.ജെ. ജയിംസ് d) ടി.ഡി. രാമകൃഷ്ണൻ

11. എടക്കൽ ഗുഹ ഏത് ജില്ലയിൽ സ്ഥിതി ചെയ്യുന്നു?
    a) പത്തനംതിട്ട b) തൃശൂർ
    c) വയനാട് d) മലപ്പുറം

12. 2023ന് തുല്യമായ കൊല്ലവർഷം ഏത്?
    a) 1198 b) 1197
    c) 1199 d) 1990

13. *'ഹാ സുഖങ്ങൾ വെറും ജാലം ആരറിവൂ നിയിതിതൻ ത്രാസുപൊങ്ങുന്നതും താനേ താണുപോവതും'* - ആരുടെ വരികൾ?
a) വള്ളത്തോൾ
b) ഉള്ളൂർ
c) കുമാരനാശാൻ
d) ഒളപ്പമണ്ണ

14. കേരളചരിത്രത്തിലെ പ്രസിദ്ധമായ കായൽ സമ്മേളനം നടന്ന വർഷം?
a) 1913
b) 1907
c) 1924
d) 1928

15. കാളി-ദാരികവധം പ്രമേയമായി വരുന്ന ഒരു നാടോടി നാടകം?
a) ആര്യമ്മാല നാടകം
b) മുടിയേറ്റ്
c) കാക്കാരശ്ശിനാടകം
d) വെള്ളരിനാടകം

16. ബെന്യാമിൻ എഴുതിയ രണ്ട് നോവലുകൾ?
a) ആടുജീവിതം, മഞ്ഞവെയിൽ മരണങ്ങൾ
b) ആടുജീവിതം, ഉഷ്ണരാശി
c) മഞ്ഞവെയിൽ മരണങ്ങൾ, അക്കർമാശി
d) ആടുജീവിതം, ആരാച്ചാർ

17. ഭൂമിയുടെ അവകാശികൾ ആരുടെ രചനയാണ്?
a) വിലാസിനി
b) വൈക്കം മുഹമ്മദ് ബഷീർ
c) സുഗതകുമാരി
d) അംബികാസുതൻ മാങ്ങാട്

18. പൊന്നിയിൻ സെൽവൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?
a) ജി. സുബ്രഹ്മണ്യൻ
b) കൽക്കി കൃഷ്ണമൂർത്തി
c) പ്രിയ.എ.എസ്
d) ഫാത്തിമ. ഇ.വി

19. 'മുഹിയുദ്ദീൻ മാല'യുടെ കർത്താവാര്?
a) മോയിൻകുട്ടി വൈദ്യർ
b) ഖാസി മുഹമ്മദ്
c) വി.എം.കുട്ടി
d) പുലിക്കോട്ടിൽ ഹൈദർ

20. 'മലയാളത്തിന്റെ ഭാവി' -രചിച്ചതാര്?
a) പി. പവിത്രൻ
b) പി. കെ. രാജശേഖരൻ
c) കെ. സേതുരാമൻ
d) ഇ. പി. രാജഗോപാലൻ

21. 'കൈരളിയുടെ കഥ' ഏത് വിഭാഗത്തിൽപ്പെടുന്നു?
a) സാഹിത്യചരിത്രം
b) നിരൂപണം
c) ചെറുകഥ
d) കവിത

22. ഇളങ്കോവടികൾ രചിച്ച കാവ്യം ഏത്?
a) തൊൽക്കാപ്പിയം
b) അകനാനൂറ്
c) പുറനാനൂറ്
d) ചിലപ്പതികാരം

23 താളിയോല എന്നാൽ-
a) പനയോല
b) തെങ്ങോല
c) കൈതോല
d) ചെമ്പോല

24. കേരളത്തിലെ ആദ്യ മ്യൂസിയം?
a) ഹിൽപാലസ്
b) പഴശ്ശിരാജ മ്യൂസിയം
c) നേപ്പിയർ മ്യൂസിയം
d) കേരള മ്യൂസിയം

25. 'അവനവനാത്മസുഖത്തിനാചരിക്കുന്നവ-യപരന്നു സുഖത്തിനായ് വരേണം' - ആരുടെ ആഹ്വാനം?
a) വൈകുണ്ഠസ്വാമി
b) ചട്ടമ്പിസ്വാമി
c) ശുഭാനന്ദഗുരു
d) ശ്രീനാരായണഗുരു

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക** (5 x5= 25)

26. മലയാളിയുടെ മാതൃഭാഷാമനോഭാവത്തെപ്പറ്റി വിമർശനാത്മകമായി ചർച്ചചെയ്യുക.

27. മലയാളചലച്ചിത്രഗാനങ്ങളെ മുൻനിർത്തി കേരളീയജീവിതം അപഗ്രഥിക്കുക.

28. കേരളീയനവോത്ഥാനചരിത്രത്തെ സമകാല സമൂഹത്തെ മുൻനിർത്തി പരിശോധിക്കുക.

29. പ്രവാസവും കേരളീയ സമൂഹവും - കുറിപ്പെഴുതുക.

30. പരസ്യങ്ങളിലെ സ്ത്രീചിത്രീകരണത്തെ വിമർശനാത്മകം വിലയിരുത്തുക.

31. നാടൻപാട്ടുകളുടെ വർത്തമാനത്തെ സാംസ്കാരികമായി നിരൂപണം ചെയ്യുക?

32. മലയാളകവിതയിലെ പാരിസ്ഥിതികാവിഷ്കാരങ്ങളെപ്പറ്റി വിവരിക്കുക.

33. മലയാളിയുടെ സാമൂഹിക-സാംസ്കാരിക വികാസത്തിൽ നാടകങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുക.

-- -- --